## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1057 14/01/2021-ൽ മറുപടിക്ക്

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ പുനരുജ്ജീവിപ്പിക്കൽ നടപടികൾ

**ചോദ്യം**
ശ്രീ.പി.സി.ജോർജ്

**ഉത്തരം**
ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ പുനരുജ്ജീവിപ്പിക്കാനും പിൻവാതിൽ നിയമനം അവസാനിപ്പിക്കാനും താത്ക്കാലിക നിയമനങ്ങൾ കാലദൈർഘ്യം കണക്കാക്കാതെ പൂർണ്ണമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നൽകാൻ സർക്കാർ തയ്യാറാകുമോ? | (എ) | കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് 9 (a)(i) പ്രകാരം സർക്കാർ വകുപ്പുകളിലെ എല്ലാ താത്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിച്ച് നിയമനം നടത്തേണ്ടതാണ്. 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭാഗം II ചട്ടം 9(a)(1) അടിസ്ഥാനമാക്കിയാണ് താൽക്കാലിക നിയമനങ്ങൾ നടത്തി വരുന്നത് (Temporary appointments,അദ്ധ്യാപക തസ്തികകളൊഴികെയുള്ള). ഇത്തരം നിയമനങ്ങൾ 180 ദിവസത്തിലധികരി-ക്കരുതെന്ന് മേൽ ചട്ടത്തിന്റെ രണ്ടാം പ്രോവിസോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ ബന്ധപ്പെട്ട വകുപ്പുമേധാവികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുകയും ടി ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി, പ്രായം, സംവരണം എന്നിവ മുൻഗണനാ ക്രമത്തിൽ കണക്കാക്കി ഉദ്യോഗാർത്ഥികളുടെ പട്ടിക ഉദ്യോഗദായകർക്ക് യഥാസമയം നൽകുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗദായകർ സമയബന്ധിതമായി ഇന്റർവ്യൂ നടത്തി അതാത് താൽക്കാലിക ഒഴിവുകളിൽ നിയമനം നടത്തി വരുന്നു. |

Kavitha T

**സെക്ഷൻ ഓഫീസർ**